(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

സർവെ സമ്പ്രദായം പരിഷ്ക്കരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി

24 (*452) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂസർവെ സമ്പ്രദായം പരിഷ്ക്കരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സാറ്റലൈറ്റ് മാദ്ധ്യമം ഉപയോഗിച്ച് ഇലക്ട്രോണിക്സ് അധിഷ്ഠിത മാർഗ്ഗത്തിൽ കൃത്യതയോടെ സർവെ നടത്തുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ,ബി) സംസ്ഥാനത്തെ ഭൂസർവെ സംപ്രദായം പരിഷ്ക്കരിക്കുവാൻ ഗ്ളോബൽ പൊസഷനിംഗ് സിസ്റ്റം (സാറ്റലൈറ്റ് സിഗ്നൽ ഉപകരണം) ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, കമ്പ്യൂട്ടർ, ഇലക്ട്രോണിക് പ്ലോട്ടർ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഉപയോഗിച്ച് സർവെ പ്രവർത്തനം നടന്നുവരുന്നു. ഗ്ളോബൽ പൊസഷനിംഗ് സിസ്റ്റം വാങ്ങുന്നതിന് നടപടികൾ പുരോഗതിയിലാണ്. ഘട്ടം ഘട്ടം ആയി മറ്റു ജില്ലകളിലും ഈ ഉപകരണങ്ങൾ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പുരാതന വീടുകൾ സംരക്ഷിക്കുന്നതിന് നടപടി

25 (*433) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അതിപുരാതനങ്ങളായ നാലുകെട്ടും എട്ടുകെട്ടുമുള്ള വീടുകൾ പൊളിച്ചുമാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ സംരക്ഷണത്തിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) അതിപുരാതന മന്ദിരങ്ങളുടേയും പുരാവസ്തുക്കളുടെയും സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) അതിപുരാതന മന്ദിരങ്ങൾ പുരാവസ്തു സംരക്ഷണ നിയമപ്രകാരം ഏറ്റെടുത്ത് സംരക്ഷിത സ്മാരകങ്ങളായി നില നിർത്തുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചു വരികയും ചെയ്യുന്നു. സർക്കാർ ഏറ്റെടുക്കുന്ന പുരാവസ്തുക്കൾ സംരക്ഷണത്തിനുശേഷം പൊതുജനങ്ങൾക്ക് കാണുന്നതിനും പഠന ഗവേഷണങ്ങൾക്കുമായി പുരാവസ്തു ദൃശ്യമന്ദിരങ്ങളിൽ പ്രദർശിപ്പിച്ചുവരുന്നു.

വികലാംഗർക്ക് തുല്യാവസരം ഉറപ്പ് വരുത്തുന്നതിന് നടപടി

26 (*434) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് തുല്യാവസരം, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം ഇവ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വികലാംഗരെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ എല്ലാ വർഷവും സർക്കാർ ശേഖരിക്കാറുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വികലാംഗർക്ക് തുല്യാവകാശം, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം ഇവ ഉറപ്പു വരുത്തുന്നതിനായി, വികലാംഗ (തുല്യ അവസര അവകാശ സംരക്ഷണ പൂർണ്ണ പങ്കാളിത്ത) നിയമം 1995 സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 31-3-1999 ലെ ജി.ഒ. (പി) 9/99/ആക്ഷേവ. ജി.ഒ. (പി) 10/99/ആക്ഷേവ. എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ നിർദ്ദിഷ്ട കാലാവധികളിൽ കൂടുകയും വികലാംഗക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. ജി. ഒ. (പി) 24/99/സാക്ഷേവ. തീയതി 9-6-1999 പ്രകാരം ഒരു സ്റ്റേറ്റ് കമ്മീഷണറെ നിയമിക്കുകയും കമ്മീഷണറേറ്റ് പ്രവർത്തനയോഗ്യമാക്കാൻ വേണ്ടി ആവശ്യമുള്ള സ്റ്റാഫിനെ നൽകുകയും ചെയ്തിട്ടുണ്ട്. വികലാംഗർക്കുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടിയുള്ള കോപീറ്റന്റ് അതോറിറ്റിയെയും നിയമിച്ചു. ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ സർക്കാർ സർവ്വീസിൽ 3, 4 ക്ലാസ് തസ്തികകളിൽ 3% വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കിയതിന്റെ പ്രതികൾ അച്ചടിക്കാൻ സർക്കാർ പ്രസ്സിൽ അയച്ചിട്ടുണ്ട്.

(ബി) എല്ലാ വർഷവും ശേഖരിക്കാറില്ല. പഞ്ചായത്തുതല വികലാംഗ സർവ്വേ നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly